## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2271</u> <u>18.12.2012 ലെ മറുപടിക്ക്</u>

### <u>ജലഗതാഗത വകുപ്പിൽ ഇ-ഗവേർണൻസ്</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ.കെ. മുരളീധരൻ:<br>,, അൻവർ സാദത്ത്:<br>,, ലൂഡി ലൂയിസ്:<br>,, ആർ. സെൽവരാജ് :</td><td colspan="2">ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>ജലഗതാഗത വകുപ്പിൽ ഇ-ഗവേർണൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;</td><td>(എ)</td><td>ഉണ്ട്.</td></tr>
<tr><td>(ബി)</td><td>ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;</td><td>(ബി)</td><td>പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ വകുപ്പിന്റെ സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇ-ഗവേർണൻസ് നടപ്പിലാക്കിയിരിക്കുന്നത്. ഇതിന്റെ പ്രവർത്തനരീതിയും വിശദാംശങ്ങളും ചുവടെ ചേർത്തിരിക്കുന്നു.<br>(i) 08.02.2010 ൽ ആണ് വകുപ്പ് വെബ്സൈറ്റ് ആരംഭിച്ചത്. വകുപ്പിന്റെ വെബ് സൈറ്റും, പോർട്ടലും കാലികമായി പരിഷ്കരിക്കുന്നതിനും അതിലെ വിവരങ്ങൾ ആനുകാലികമായി നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇതിലേക്കായി ഒരു നോഡൽ ഓഫീസറേയും നിയോഗിച്ചിട്ടുണ്ട്.<br>(ii) വകുപ്പിന്റെ 14 സ്റ്റേഷൻ ഓഫീസുകളും കംപ്യൂട്ടറൈസ് ചെയ്യുകയും, ബന്ധപ്പെട്ട സോഫ്റ്റ് വെയറുകൾ ഇൻസ്റ്റാൾ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>(iii) നിലവിൽ ഓപ്പറേറ്റ് ചെയ്യപ്പെടുന്ന 50 ബോട്ട് ഷെഡ്യൂളുകളിൽ ടിക്കറ്റ് വെൻഡിംഗ് മെഷീൻ സംവിധാനം ഇ - ഗവേർണൻസ് മുഖാന്തിരം നടപ്പിലാക്കി.<br>(iv) ജീവനക്കാരുടെ ഹാജരിന്റെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ ആസ്ഥാന ഓഫീസിലും, മേഖലാ കാര്യാലയങ്ങളിലും, ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിലും ഇ-ഗവേർണൻസിന്റെ ഭാഗമായി ബയോമെട്രിക്ക് പഞ്ചിംഗ് ഏർപ്പെടുത്തി.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് പൊതു ജനങ്ങൾക്ക് ഇതുവഴി ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പടുത്തിയിട്ടുള്ള ബോട്ടുകളുടെ സമയക്രമങ്ങൾ, ബോട്ടുകൾ സഞ്ചരിക്കുന്ന റൂട്ടുകൾ, കാണാവുന്ന കാഴ്ചകൾ, പൗരാവകാശരേഖ, വിവരാവകാശത്തിനായി ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ, വകുപ്പിന്റെ ഘടനയും, പ്രവർത്തന രീതിയും തുടങ്ങി വകുപ്പുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും പൊതുജനങ്ങൾക്ക് ഇതുവഴി അറിയുവാൻ സാധിക്കുന്നു. ടിക്കറ്റ് വെൻഡിംഗ് മെഷീൻ സംവിധാനം മുഖേന കൃത്യമായും, കാലതാമസം കൂടാതെയും ടിക്കറ്റുകൾ നല്കാൻ കഴിയുന്നു. |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ആയത് നടപ്പാക്കുന്നത് ; വിശദമാക്കുമോ? | (ഡി) | വകുപ്പിന്റെ വെബ്സൈറ്റ് നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖാന്തിരം നടപ്പിലാക്കി. പഞ്ചിംഗ് സംവിധാനം കെൽട്രോൺ മുഖേന ഏർപ്പെടുത്തി. സ്റ്റേഷൻ ഓഫീസ് കംപ്യൂട്ടർവൽക്കരണം, ബോട്ടുകളിലെ ടിക്കറ്റ് വെൻഡിംഗ് മെഷീൻ എന്നിവ സോഫ്റ്റ് ലാന്റ് എന്ന ഏജൻസി വഴി നടപ്പിലാക്കി. കൂടാതെ വകുപ്പിന്റെ ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം സി-ഡിറ്റ് മുഖാന്തിരം നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ